**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 50** — **04-10-2021 - ൽ മറുപടിയ്ക്ക്**

**കെ-ഫോൺ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി. കെ. ബഷീർ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | കെ-ഫോൺ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ നാളിതുവരെ എത്ര രൂപ ചെലവാക്കിയിട്ടുണ്ടെന്ന് വിശദമാക്കുമോ; | (എ) | കെ-ഫോൺ പദ്ധതിയുടെ സിസ്റ്റം ഇന്റഗ്രേറ്റർ ആയ ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡിന് നല്കുവാനുള്ള തുകയിൽ 238,75,24,702/- രൂപയും വിവിധ പ്രദേശങ്ങളിൽ ഒപ്റ്റിക്കൽ ഫൈബർ കേബിളുകൾ വലിക്കുന്നതിനും വൈദ്യുതി ഇനത്തിലും മറ്റ് അനുബന്ധ ചെലവുകൾക്കുമായി 13,27,60,417/- രൂപയും ചേർത്ത് ആകെ 252,02,85,119/- (ഇരുനൂറ്റി അമ്പത്തിരണ്ട് കോടി രണ്ട് ലക്ഷത്തി എൺപത്തയ്യായിരത്തി ഒരുനൂറ്റി പത്തൊമ്പത് രൂപ മാത്രം) നാളിതുവരെ ചെലവാക്കിയിട്ടുണ്ട്. |
| (ബി) | കെ-ഫോണിന്റെ നിലവിലെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ; | (ബി) | ജനങ്ങൾക്ക് അതിവേഗ ഇന്റർനെറ്റ്, സൗജന്യ നിരക്കിൽ ലഭ്യമാക്കുന്നതിനായി ആവിഷ്കരിച്ച കെ-ഫോൺ പദ്ധതിയുടെ ഒന്നാം ഘട്ടം 2021 ഫെബ്രുവരി 15 ന് പൂർത്തീകരിച്ചു. പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി 30,000 ഓഫീസുകളുടെ സർവ്വേയും 35,000 കിലോമീറ്റർ ഒപ്റ്റിക്കൽ ഫൈബർ കേബിളിന്റെ സർവ്വേയും 8 ലക്ഷം കെ.എസ്.ഇ.ബി. പോളുകളുടെ സർവ്വേയും 375 PoP (Point of Presence) കളുടെ പ്രീഫാബ് ലൊക്കേഷനുകളും പൂർത്തീകരിച്ചിട്ടുണ്ട്. നെറ്റ് വർക്ക് ഓപ്പറേഷൻസ് സെന്ററിന്റെ പണികൾ പൂർത്തീകരിച്ചു വരുന്നു. കെ.എസ്.ഇ.ബി. പോളുകൾ വഴി കേബിളുകൾ വലിക്കുന്ന നടപടികളും പുരോഗമിച്ചു വരുന്നു. ഇതിനോടകം സംസ്ഥാനത്താകമാനം 7641 സർക്കാർ സ്ഥാപനങ്ങളെ ഒപ്റ്റിക്കൽ ഫൈബർ കേബിളുകൾ മുഖേന ബന്ധിപ്പിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതിയിൽ കേന്ദ്ര സർക്കാരിന്റെ വിഹിതം എത്രയെന്നും അതിൽ എത്ര ലഭിച്ചിട്ടുണ്ടെന്നും അറിയിക്കുമോ; | (സി) | കെ-ഫോൺ പദ്ധതിയിൽ കേന്ദ്രസർക്കാർ വിഹിതം ഒന്നുംതന്നെയില്ല. |
| (ഡി) | ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ ആരെല്ലാമാണെന്നും അവർക്ക് ലഭിക്കുന്ന | (ഡി) | കെ-ഫോൺ പദ്ധതി വഴി മുപ്പതിനായിരത്തോളം വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും, സർക്കാർ |

| | | | |
|---|---|---|---|
| | സേവനത്തിന്റെ വിശദാംശങ്ങളും വ്യക്തമാക്കുമോ? | | സ്ഥാപനങ്ങൾക്കും ഇടതടവില്ലാതെ ഇന്റർനെറ്റ് സേവനം നൽകുന്നതിന് പുറമെ 20 ലക്ഷത്തോളം പാവപ്പെട്ട കുടുംബങ്ങൾക്ക് ഇന്റർനെറ്റ് കണക്ഷൻ സൗജന്യമായും, മറ്റുള്ളവർക്ക് മിതമായ നിരക്കിലും ലഭ്യമാക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ